# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3678** — **20.06.2018 — ൽ മറുപടിക്ക്**

## പൊതുവിതരണ സംവിധാനം

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ് :**

സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി വിലക്കയറ്റം തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി പ്രകാരം വിപണിയിൽ കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി വിലനിലവാരം ഒരളവു വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വില സ്ഥിരത ഉറപ്പു വരുത്തുന്നുണ്ട്. ഇതിന് പുറമേ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനി കളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമേ, ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഉത്സവ കാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമേ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. അവശ്യ സാധനങ്ങളായ പയറു വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

*സെക്ഷൻ ഓഫീസർ*